(ഇ) ഉണ്ടെങ്കിൽ പ്രസ്തുത വിദഗ്ധ സമിതിയുടെ തീരുമാനപ്രകാരമാണോ സ്ഥാപനങ്ങൾക്ക് സബ്സിഡികൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) അനധികൃതമായി സബ്സിഡികൾ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ വിതരണം ചെയ്തവരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഹോട്ടലുകൾക്കും റസ്റ്റോറന്റുകൾക്കും മറ്റുമായി 5,32,51,386 (അഞ്ചു കോടി മുപ്പത്തിരണ്ടു ലക്ഷത്തി അൻപത്തി ഒന്നായിരത്തി മുന്നൂറ്റി എൺപത്തി ആറ്) രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്.

(ബി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ടൂറിസം വകുപ്പിന്റെ ക്ലാസിഫിക്കേഷനോ അംഗീകാരമോ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾക്കാണ് ഇതു സംബന്ധിച്ച സംസ്ഥാന സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് സബ്സിഡി അനുവദിക്കുന്നത്.

(ഡി) ടൂറിസം സെക്രട്ടറി, ധനകാര്യ സെക്രട്ടറി, വ്യവസായ സെക്രട്ടറി, ടൂറിസം ഡയറക്ടർ എന്നിവർ അംഗങ്ങളായ കമ്മിറ്റി നിലവിലുണ്ട്.

(ഇ) അതെ.

(എഫ്) അനധികൃതമായി സബ്സിഡികൾ വിതരണം ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. ഒരു പരാതിയും ലഭിച്ചിട്ടില്ല.

ടൂറിസം വികസനത്തിന് പുതിയ പദ്ധതിമൂലമുള്ള നേട്ടങ്ങൾ

168 (1103) ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ടൂറിസം വികസനത്തിന് പുതുതായി ഏതെങ്കിലും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങളും അനുവദിച്ചിട്ടുള്ള തുകയും അറിയിക്കാമോ ;

(സി) ടൂറിസം വികസനത്തിന് പുതിയ പദ്ധതി നടപ്പാക്കുന്നതുമൂലം സംസ്ഥാനത്തിന് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ ?

† അനുബന്ധം - XXII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ടൂറിസം വികസനത്തിന് പുതുതായി താഴെപ്പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. പീരുമേട് യാത്രീനിവാസിന്റെ വികസന പ്രവർത്തനം
2. ഫോർട്ട് കൊച്ചി കൺസർവേഷൻ പ്രോജക്ട്
3. കുമളി-തേക്കടി റോഡിന്റെ പുനരുദ്ധാരണം.
4. ഗുരുവായൂർ പിൽഗ്രിം സെന്ററിന്റെ വികസന സംബന്ധമായ പ്രശ്നങ്ങളും സാധ്യതകളും സംബന്ധിച്ചുള്ള പഠനം.
5. കനകക്കുന്നിലെ സൂര്യകാന്തി ഉത്സവനഗരിയുടെ വികസനം.
6. കോവളം കടൽത്തീരത്തെ വൈദ്യുതാലങ്കാരം.
7. കോവളം ബീച്ചിനോട് ചേർന്നുള്ള നടപ്പാതകളുടെ നിർമ്മാണം.
8. വർക്കല ടൂറിസ്റ്റ് അമിനിറ്റി സെന്ററിന്റെ നിർമ്മാണം.
9. കനകക്കുന്ന് ലാന്റ്സ്കേപ്പിംഗ് പദ്ധതി
10. മൂന്നാർ, തേക്കടി വൈത്തിരി എന്നിവിടങ്ങളിലെ ടൂറിസ്റ്റ് റിസപ്ഷൻ സെന്ററുകളുടെ നിർമ്മാണം.
11. തേക്കടി- മൂന്നാർ റോഡിന്റെ വിപുലീകരണം.
12. ടൂറിസം വികസനത്തിനുതകുന്ന തരത്തിൽ വയനാട്ടിലെ റോഡുകളിലെ വികസനം.
13. തിരുവനന്തപുരത്ത് ഗസ്റ്റ്ഹൗസ് ലാന്റ് സ്കേപ്പിംഗ്.
14. കോവളം ഗസ്റ്റ്ഹൗസിലെ മുറികളിൽ എ.സി. സ്ഥാപിക്കൽ
15. മൂന്നാറിന്റെ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ.
16. ആലപ്പുഴ ഗസ്റ്റ്ഹൗസ് പ്രവർത്തനക്ഷമമാക്കൽ
17. ടി.എസ്. കനാലിന്റെ വികസനം.
18. ബോൾഗാട്ടിയിലും കുമരകത്തും ടൂറിസ്റ്റ് ആയുർവേദിക് സെന്ററുകളുടെ നിർമ്മാണം.
19. നെടുമുടി, കോതറത്തോട്, പള്ളാതുരുത്തി, വട്ടക്കായൽ എന്നിവിടങ്ങളിലെ കായലോര വിശ്രമകേന്ദ്രങ്ങളുടെ നിർമ്മാണം.
20. കുമരകത്തിന്റെ വികസന പ്രവർത്തനങ്ങൾ.
21. ആലപ്പുഴ, കുമരകം, തണ്ണീർമുക്കം എന്നിവിടങ്ങളിലെ ബോട്ട് ടെർമിനലുകളുടെ നിർമ്മാണം.

LIBRARY ARCHIVES Kerala Legislative Assembly

22. വാഗമൺ അന്താരാഷ്ട്ര ഹിൽ റിസോർട്ടിന്റെ വികസനം.

23. ഹിൽപാലസിന്റെ പുനരുദ്ധാരണം.

24. മണ്ണാർക്കാട് യാത്രിനിവാസിന്റെ നിർമ്മാണം.

25. എരുമേലിയിൽ പിൽഗ്രിം അമിനിറ്റി സെന്റർ

26. ടൂറിസം വകുപ്പിന്റെ ഇൻഫർമേഷൻ ഓഫീസുകളോട് ചേർന്ന് കിയോസ്കുകൾ സ്ഥാപിക്കൽ

27. നേപ്പിയർ മ്യൂസിയത്തിന്റെ പുനരുദ്ധാരണം.

28. ചരിത്ര സ്മാരകങ്ങളിൽ ദീപാലങ്കാരം.

29. വേളി ടൂറിസ്റ്റ് സെന്ററിന്റെ വികസനവുമായി ബന്ധപ്പെട്ട് ഫ്ളോട്ടിംഗ് ബ്രിഡ്ജിന്റെ അറ്റകുറ്റപണികൾ, 66 കെ. വി. ലൈൻ മാറ്റിസ്ഥാപിക്കൽ മുതലായവ.

30. വയനാട് പൂക്കോട് തടാകത്തിന്റെ വികസന പ്രവർത്തനം.

31. മൂന്നാറിൽ വാട്ടർസ്പോർട്സ് സെന്റർ വികസിപ്പിക്കൽ

32. കെടികൊത്തിമല, കടലുകാണി എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനം.

33. കരുനാഗപ്പള്ളി, ആലുങ്കടവ്, അമ്പിരത്ത് ജംഗ്ഷൻ, കളരിവാതുക്കൽ, അച്ചൻകുളങ്ങര വള്ളിക്കുന്ന് റോഡ് വികസനം.

34. അഷ്ടമുടി കായലിലെ ജലകേളി കേന്ദ്രം.

35. പരവൂർ കായലിലെ വാട്ടർ സഫാരി പാർക്ക് നിർമ്മാണം.

36. വവ്വാക്കാവ്- വള്ളിക്കാവ് - ഇടയനംപലം - തോട്ടത്തിൽ മൂക്ക് ഓച്ചിറ - അച്ചൻകുളങ്ങര - വള്ളിക്കാവ് റോഡുകളുടെ വികസനം.

37. മാജിക് മലബാർ.

38. ടൂറിസം വികസനത്തിന്റെ ഭാഗമായി സി.ഡി.റോം.

39. ടൂറിസം വികസനത്തിന്റെ ഭാഗമായി ഫാം ടൂറുകൾ

40 ഗുണനിലവാരമുള്ള പരസ്യലഘുലേഖകളുടെ അച്ചടി, മാധ്യമപ്രവർത്തനങ്ങൾ.

41. രാജ്യത്തിന് പുറത്ത് സംഘടിപ്പിക്കുന്ന ടൂറിസം ഫെയറുകളിൽ പങ്കെടുക്കൽ.

42. കാഞ്ഞിരപ്പുഴ ഡാം സൈറ്റിന്റെ വികസനം.

43. കുളനടയിലെ പിൽഗ്രിം അമിനിറ്റി സെന്ററിന്റെ നിർമ്മാണം.

LIBRARY ARCHIVES Kerala Legislative Assembly

44. ടൂറിസ്റ്റ് സ്ഥിതിവിവരകണക്ക്, സർവ്വേ എന്നിവ

45. തദ്ദേശീയ ഉത്സവങ്ങൾക്കുള്ള ധനസഹായം, സാംസ്ക്കാരിക പരിപാടികൾക്കും വള്ളംകളിക്കും ഉള്ള ധനസഹായം.

46. ടൂറിസം അനുബന്ധ വ്യവസായങ്ങൾക്ക് മൂലധന സബ്സിഡിയുടെയും വൈദ്യുത സബ്സിഡികളുടെയും വിതരണം.

47. ടൂറിസം ഡയറക്ടറേറ്റിന് വേണ്ടിയുള്ള പുതിയ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം.

48. കോവളം, വേളി, വർക്കല മുതലായ ബീച്ചുകളുടെ വികസനവും ശുചീകരണവും.

49. ധർമ്മടം ദ്വീപിന്റെ വികസനം.

(ബി) മേൽപ്പറഞ്ഞ പദ്ധതികൾക്കും മുൻവർഷങ്ങളിൽ അനുവാദം നൽകി തുടർന്ന് വരുന്നതുമായ പദ്ധതികൾക്കുമായി ഉദ്ദേശം 60 കോടിയോളം രൂപ ടൂറിസം വകുപ്പ് ചെലവഴിക്കുന്നുണ്ട്.

(സി) അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുവാൻ കഴിയുന്നതോടൊപ്പം തെരഞ്ഞെടുത്ത ടൂറിസ്റ്റ് ഡസ്റ്റിനേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള ടൂറിസം സെന്ററുകളാക്കാൻ കഴിയുന്നതാണ്. ഇതുമൂലം കേരളത്തിലേയ്ക്ക് വരുന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് പ്രതീക്ഷിക്കുന്നു. ഈ വർദ്ധനവ് മൂലം ടൂറിസം വ്യവസായത്തിൽ നിന്നുള്ള വരുമാനവും, തൊഴിൽ സാധ്യതകളും ടൂറിസം മേഖലയിലുള്ള മുതൽ മുടക്കും കാര്യമായി വർദ്ധിക്കുന്നതാണ്.

ഗസ്റ്റ്ഹൗസിലെ കുടിശ്ശിക

169 (1104) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെങ്കിലും എം.എൽ.എ.-മാർക്ക് ഗസ്റ്റ് ഹൗസുകളിൽ പേമെന്റ് കുടിശ്ശികയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരുടെയൊക്കെ പേരിൽ എത്ര തുക വീതം ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കുടിശ്ശിക കൊടുക്കാൻ ഇല്ലാത്ത ഏതെങ്കിലും എം.എൽ.എ. യുടെ പേരിൽ കുടുശ്ശിക തുക എഴുതി വച്ചത് സംബന്ധിച്ച ഏതെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഈ പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly